# ട്രാഫിക് പോലീസ് ഹൈടെക്കാകുന്നു

ആലുവ ട്രാഫിക് പോലീസ് ഹൈടെക്കാകുന്നു. ആലുവ തോട്ടക്കാട്ടുകര സ്ഥാപിച്ചിട്ടുള്ള പുതിയ എയർ കണ്ടീഷൻ ചെയ്ത പോലീസ് വാച്ച് ടവർ ഇന്ന് 26.07.17 തീയതി രാവിലെ ആലുവ റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ എ.വി.ജോർജ് IPS ഉൽഘാടനം ചെയ്തു. എർണാകുളം റൂറലിൽ ആദ്യമായാണ് എയർ കണ്ടീഷൻ ചെയ്ത് 'മാനുവൽ' സംവിധാനമുള്ള വാച്ച് ടവർ തോട്ടക്കാട്ടുകരയിൽ പ്രവർത്തനം ആരംഭിക്കുന്നത്. പോലീസുകാർക്ക് മറ്റ് ഓഫീസ് വർക്ക് ചെയ്യുന്നതോടൊപ്പം തന്നെ സിഗ്നൽ സംവിധാനം ഓട്ടോമാറ്റിക്കിലും ആവശ്യമെങ്കിൽ മാനുവലിലും പ്രവർത്തിപ്പിക്കാൻ സാധിയ്ക്കും. ദേശീയ പാതയിലെ ഗതാഗത കുരുക്കിന് ഒരു പരിധി വരെ ഇത് പരിഹാരം ആകും. ആലുവ റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ എ.വി.ജോർജ് IPS ൻെറ നിർദേശ പ്രകാരം മുൻ ആലുവ ഡിവൈഎസ്പി ശ്രീ.കെ.ജി.ബാബുകുമാർ, ആലുവ സി.ഐ ശ്രീ വിശാൽ ജോൺസൺ ആലുവ ട്രാഫിക് എസ്.ഐ ശ്രീ മുഹമ്മദ് ബഷീർ എന്നിവരുടെ നേതൃത്വത്തിൽ 'ആക്സിസ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്' ആണ് വാച്ച് ടവർ സ്ഥാപിച്ചത്. ഉൽഘാടന ചടങ്ങിൽ ജില്ലാ പോലീസ് മേധാവിയെ കൂടാതെ ഡിവൈഎസ്പി പ്രഫുല്ല ചന്ദ്രൻ, ട്രാഫിക് എസ് ഐ മുഹമ്മദ് ബഷീർ, എസ് ഐ മുഹമ്മദ് കബീർ എന്നിവർ സന്നിഹിതരായിരുന്നു. ആലുവ ബൈപാസിലും, പറവൂർ കവല, പുളിഞ്ചുവട് എന്നിവടങ്ങളിൽ പുതിയ എയർ കണ്ടീഷൻ ചെയ്ത അത്യാധുനികം 'ഡിജിറ്റൽ ഡിസ്പ്ലേ വാച്ച് ടവർ' ഉടൻ സ്ഥാപിക്കുമെന്ന് ട്രാഫിക് എസ്.ഐ മുഹമ്മദ് ബഷീർ അറിയിച്ചു. ഈ ചടങ്ങിൽ ജനപ്രതിനിധികളും, പൊതു പ്രവർത്തകരും, നാട്ടുകാരും, ഓട്ടോറിക്ഷ തൊഴിലാളികളും സംബന്ധിച്ചു.

